5. 1991-ലെ കോൺഗ്രസ് (ഐ) സർക്കാരിന്റെ ആഗോളവൽക്കരണം, സ്വാതന്ത്ര്യവൽക്കരണം, സ്വകാര്യവൽക്കരണം എന്നീ നയങ്ങൾ പിൻതുടരുന്ന ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ. സർക്കാരിന്റെ സാമ്പത്തികനയം രാജ്യത്തെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ എത്തിക്കുമെന്നതിന് സംശയമില്ല. ഉണാത്മ സാമ്പത്തിക കമ്മിയും, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിലുണ്ടായ പരാജയവും, പ്രക്ഷേപിത വരുമാനവും യഥാർത്ഥവരുമാനവും തമ്മിൽ വർദ്ധിച്ചുവരുന്ന അന്തവുമാണ് ഈ സാഹചര്യത്തിലേക്ക് നയിച്ചിട്ടുള്ളത്. ഇതുമൂലം രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ഉണ്ടായിട്ടുള്ള ആഘാതം ഗുരുതരമാണ്. വൻ വ്യവസായികൾക്ക് അനേകായിരം കോടി രൂപയുടെ ആനുകൂല്യങ്ങൾ നൽകുന്നതിൽ കേന്ദ്രസർക്കാർ ബദ്ധശ്രദ്ധരായിരിക്കുമ്പോൾ നികുതികൾ ചുമത്തിയും അരി, ഗോതമ്പ്, പഞ്ചസാര തുടങ്ങിയ അവശ്യ ഇനങ്ങളിൻമേലുള്ള സബ്സിഡി പിൻവലിച്ചും സാധാരണക്കാരെ കൊള്ളയടിക്കുന്നതിൽ അവർക്ക് യാതൊരു വിമുഖതയുമില്ലെന്നു കാണാം. വ്യവസായവൽക്കരണത്തെ പ്രോൽസാഹിപ്പിക്കുകയല്ല, മറിച്ച് ലാഭകരമായ പൊതുമേഖലാ സംരംഭങ്ങളെ നാശോന്മുഖമാക്കുകയാണ് ഈ നയം കൊണ്ടു ദ്യോതിപ്പിക്കുന്നതെന്നു കാണാം.

LIBRARY ARCHIVES Kerala Legislative Assembly

6. അമേരിക്കൻ ഐക്യനാടുകളുമായി കേന്ദ്ര സർക്കാർ അടുത്തിടെ ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് 714 ഇനങ്ങളിന്മേൽ രണ്ടായിരമാണ്ട് ഏപ്രിൽ മാസത്തോടുകൂടിയും ശേഷിക്കുന്നവ സംബന്ധിച്ച് അടുത്ത ഏപ്രിലോടു കൂടിയും എല്ലാ പരിമാണ പരിമിതികളും ഇല്ലാതാകുകയാണ്. കാർഷിക ഉൽപ്പന്നങ്ങളും മറ്റെല്ലാ ഉപഭോഗ സാധനങ്ങളും ഇപ്പോൾ സ്വതന്ത്രമായി ഇറക്കുമതി ചെയ്യാൻ കഴിയുന്നതാണ്. ഇത് ഇൻഡ്യയിലെ കർഷകർക്ക് കനത്ത ആഘാതം തന്നെയാണ്. സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉണ്ടായിട്ടുള്ള കനത്ത വിലയിടിവ് കാരണം 8.5 ലക്ഷം റബ്ബർ കൃഷിക്കാർ ഉൾപ്പെടെയുള്ള കേരളത്തിലെ കർഷകർ ദുരിതമനുഭവിക്കുന്ന സന്ദർഭത്തിലാണ് ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്.

7. പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ വില വർദ്ധനവ്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി സബ്സിഡി പരിമിതപ്പെടുത്തൽ, ബി.ജെ.പി. നേതൃത്വത്തിലുള്ള എൻ.ഡി.എ.സർക്കാരിന്റെ ജനവിരുദ്ധനയങ്ങൾമൂലം അവശ്യ സാധനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന വില വർദ്ധനവ് ഇവയെല്ലാംതന്നെ സാധാരണക്കാരന്റെ ജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുന്നു.

8. നികുതി, സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നുള്ള പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശ നാളിതുവരെ നടപ്പാക്കാത്തതിൽ എന്റെ സർക്കാരിന് ആശങ്കയുണ്ട്.

9. ഉല്പാദന പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിലും സമ്പൂർണ്ണ സാമ്പത്തിക സ്ഥിരത കൈവരിക്കുന്നതിലും എന്റെ സർക്കാർ വൻ വിജയം നേടുകയുണ്ടായി. കാർഷിക മേഖല വ്യക്തമായ പുരോഗതിക്ക് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. വ്യവസായ-സേവന മേഖലകളിൽ പ്രകടമായ ചലനാത്മകതയും ദൃശ്യമാണ്. വിവര സാങ്കേതിക വിദ്യയും വിനോദസഞ്ചാരമേഖലകളും ഒരു വൻ കുതിച്ചുചാട്ടത്തിന്റെ പാതയിലാണ്. വരുമാന സ്രോതസുകളിൽ വർദ്ധിച്ച ഞെരുക്കം ഉണ്ടായിരുന്നിട്ടും വിലനിലവാരം പിടിച്ചുനിർത്തുന്നതിലും അവശ്യ സാധനങ്ങൾ ന്യായവിലയ്ക്ക് നൽകുന്നതിലും സർക്കാർ വിജയം കൈവരിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ, അവരുടെ സ്ഥൂലതല സാമ്പത്തിക ക്രമീകരണ പരിപാടികളുടെ ഭാഗമായി ഭക്ഷണസാധനങ്ങൾക്കുള്ള സബ്സിഡികൾ വെട്ടിക്കുറയ്ക്കുന്നതിന്റെ വ്യക്തമായ സൂചനകളുണ്ട്. അത്തരമൊരു നീക്കം കേരളംപോലെ ഭക്ഷ്യകമ്മിയുള്ള ഒരു സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിൽ സംശയമില്ല.

10. എന്റെ സർക്കാർ സമാരംഭിച്ച അധികാരവികേന്ദ്രീകരണ പ്രക്രിയ സംസ്ഥാനത്ത് മാത്രമല്ല, രാജ്യത്തുടനീളവും ഉണ്ടായിട്ടുള്ള ഒരു സമീപകാല മുഖ്യപരിഷ്കരണ പ്രതിഭാസമായി മാറിയിരിക്കുകയാണ്. ജനകീയാസൂത്രണ പരിപാടികൾ പരീക്ഷണഘട്ടം തരണം ചെയ്ത് തിരുത്തൽ പ്രക്രിയകളിലൂടെ സുസ്ഥിരമായ ഒരു സംവിധാനമായി മാറിയിരിക്കുന്നു. ഈ വർഷം ഒക്ടോബർ മാസത്തോടുകൂടി അധികാരത്തിൽ വരുന്ന പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പരിപാടി കൂടുതൽ ഉയരങ്ങളിലെത്തിക്കുവാൻ സാധിക്കുന്നതാണ്. ഓംബുഡ്സ്മാനും അപ്പലേറ്റ് ട്രൈബ്യൂണലും ആഡിറ്റ് കമ്മീഷനും ഈ വർഷം തന്നെ രൂപീകൃതമാകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടർന്നും ദരിദ്ര വിഭാഗത്തിന്റെ ആവശ്യങ്ങൾ നേരിടുന്നതിൽ മുന്തിയ സംഭാവന നൽകുന്നതാണ്. ജില്ലകളിലെ പാർപ്പിടമില്ലാത്ത എല്ലാവർക്കും വീടുണ്ടാക്കി നൽകുന്നതിനായി ഒരു സമ്പൂർണ്ണ പാർപ്പിട പരിപാടി സർക്കാർ ഏറ്റെടുത്തിട്ടുള്ളതും തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ നാല് ജില്ലകളിൽ ഇതിനോടകം ഈ പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിക്കഴിഞ്ഞിട്ടുള്ളതുമാണ്. മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികസനത്തിന്റെ അതുല്യ മാതൃകകൾ വികസിപ്പിച്ചെടുത്തിട്ടുള്ളതും ഈ മാതൃകകൾ മറ്റുള്ളവർ പിൻതുടർന്നുകൊണ്ടിരിക്കുന്നതുമാണ്, എല്ലാ ജില്ലകളും തയ്യാറാക്കുന്ന ജില്ലാ വികസന സാക്ഷ്യപത്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനത്തിനുള്ള തന്ത്രപരമായ കാഴ്ചപ്പാടായി മാറുന്നതാണ്. വികേന്ദ്രീകൃത ആസൂത്രണത്തിൻകീഴിൽ പദ്ധതികൾ അംഗീകരിക്കുന്ന പ്രക്രിയ പൂർത്തിയാക്കുന്നതിനായി എന്റെ സർക്കാർ സത്വര നടപടികൾ എടുത്തുവരികയാണ്. കുടുംബം മുഖാന്തിരം സമൂഹത്തിലും സ്ത്രീകൾ മുഖാന്തിരം കുടുംബത്തിലും എത്തിപ്പെടുന്നതിനുദ്ദേശിച്ചുള്ള കുടുംബശ്രീ പദ്ധതി ഈ വർഷം പുതിയ മാനങ്ങൾ കൈവരിച്ചിരിക്കുന്നു. ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും സംസ്ഥാന തലത്തിലും ഭരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. എല്ലാ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മലപ്പുറം ജില്ലയിൽ ആകെയും ത്രിതല സാമൂഹ്യഘടന, അതായത് അയൽക്കൂട്ടങ്ങൾ, പ്രാദേശിക വികസന സംഘങ്ങൾ എന്നിവ രൂപീകരിക്കുകയുണ്ടായി. ഈ വർഷംതന്നെ കുടുംബശ്രീ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതാണ്. ദരിദ്രവിഭാഗങ്ങളുടെ ഒരു അനൗപചാരിക ബാങ്ക് വികസിപ്പിച്ചെടുക്കുന്നതിനായി മിതവ്യയ-വായ്പാ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്. കമ്പ്യൂട്ടർ യൂണിറ്റുകൾ ആരംഭിക്കുകയും പാവപ്പെട്ടവർക്ക് വിവരസാങ്കേതിക വിദ്യ എത്തിച്ചുകൊടുക്കുകയും ചെയ്യുന്ന തിരുവനന്തപുരം സാമൂഹ്യ വികസന സംഘത്തിന്റെ വിജയകരമായ മാതൃക മറ്റു കോർപ്പറേഷനുകളിലും അനുവർത്തിക്കുന്നതാണ്.

11. സംസ്ഥാനത്തെ എല്ലാ പ്രാദേശിക സമിതികളേയും ജില്ലാ ആസ്ഥാനങ്ങളുമായും സംസ്ഥാന ആസൂത്രണ ബോർഡുമായും കമ്പ്യൂട്ടർ മുഖാന്തിരം ബന്ധിപ്പിക്കുന്ന വിനിമയ ശൃംഖല ഈ വർഷംതന്നെ പൂർത്തിയാക്കുന്നതാണ്. സംസ്ഥാനത്തെ വികേന്ദ്രീകരണ പ്രക്രിയയുമായി ബന്ധപ്പെട്ട പരിശീലനവും, വികസന പരിപാടികളും നടത്തുന്നതിനായി വികസനത്തിനും സഹകരണത്തിനും വേണ്ടിയുള്ള സ്വിസ് ഏജൻസി, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷന് 10.54 കോടി രൂപയുടെ ഒരു ഗ്രാന്റ് നൽകുന്നതാണ്. സംസ്ഥാന ആസൂത്രണ ബോർഡ് സമാഹരിച്ച വിദേശ മലയാളികളുടെ സാമൂഹ്യ പദവി സംബന്ധിച്ച സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതും അടിസ്ഥാന വിവരങ്ങളുടെ കംപ്യൂട്ടർവൽക്കരണം പുരോഗമിച്ചുവരികയും ചെയ്യുന്നു. ജനങ്ങളേയും സർക്കാരിതര സംഘടനകളേയും സർക്കാർ ഏജൻസികളേയും ഭാഗഭാക്കുകളാക്കിക്കൊണ്ട് ഒരു പഞ്ചായത്ത് വിഭവ-വിവര ശേഖരണ പരിപാടി ഈ വർഷംതന്നെ കണ്ണൂർ, പാലക്കാട് ജില്ലകളിൽ ആരംഭിക്കുന്നതാണ്.

12. വിമുക്ത ഭടൻമാരുടെയും യുദ്ധത്തിൽ മരിച്ചവരുടെ വിധവകളുടെയും പുനരധിവാസവും അവരുടെ ആശ്രിതർക്ക് വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളും ഉൾപ്പെടെ നമ്മുടെ സൈനികരുടെ ക്ഷേമം സംരക്ഷിക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. യുദ്ധത്തിൽ മരിച്ച സേനാംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നതിനായി 'മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധി' ഈ വർഷം ഏർപ്പെടുത്തുകയുണ്ടായി. കാർഗിൽ യുദ്ധത്തിൽ മരിച്ച സൈനികരുടെ ആശ്രിതർക്ക് നാളിതുവരെ 93 ലക്ഷം രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. ധീരതയ്ക്കുള്ള വിവിധ അവാർഡുകൾ ലഭിച്ച, കേരളത്തിൽനിന്നുള്ള സൈനികർക്ക്, ഭൂമിക്കും ആനുവിറ്റിക്കും പകരമായി പണം അനുവദിക്കുന്ന ഒരു പുതിയ പദ്ധതി ഏർപ്പെടുത്തുകയുണ്ടായി. തിരുവനന്തപുരത്ത് അനുയോജ്യ

LIBRARY ARCHIVES Kerala Legislative Assembly

മായ രീതിയിൽ ഒരു യുദ്ധസ്മാരകം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്. ഒരു എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റിഹാബിലിറ്റേഷൻ കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും പരിശോധിച്ചുവരുന്നു. രണ്ടാം ലോക മഹായുദ്ധത്തിൽ സേവനം അനുഷ്ഠിക്കുകയും ഇപ്പോൾ ദാരിദ്ര്യം അനുഭവിച്ചുവരികയും ചെയ്യുന്നവർക്ക് നൽകിവരുന്ന പ്രതിമാസ ധനസഹായം 200 രൂപയിൽ നിന്ന് 300 രൂപയാക്കി ഉയർത്താൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

13. സംസ്ഥാനത്തെ ക്രമസമാധാന നില പൊതുവെ ശാന്തമായിരുന്നു. ലോക്കപ്പ് മരണമോ വെടിവയ്പ് മരണമോ ഈ വർഷം ഉണ്ടായിട്ടില്ല. മത സൗഹാർദ്ദം നിലനിർത്തുകയുണ്ടായി. രാഷ്ട്രീയ സംഘട്ടനങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായെങ്കിലും സമയോചിതമായ നടപടികൾമൂലം സമാധാനം പുനഃസ്ഥാപിക്കാൻ സാധിച്ചു. കഴിഞ്ഞ വർഷം ഡിസംബർ മാസത്തിൽ കണ്ണൂർ ജില്ലയുടെ ചില ഭാഗങ്ങളിലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങൾക്കു ശേഷം വളരെ പെട്ടെന്നുതന്നെ സംഘർഷങ്ങൾക്ക് അയവുവരുത്തുവാനും സമാധാനം പുനഃസ്ഥാപിക്കുവാനും സാധിച്ചത് പ്രശംസനീയമാണ്. എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും ഫ്ളയിംഗ് സ്കാഡുകളും കൺട്രോൾ റൂമുകളും ഘട്ടംഘട്ടമായി രൂപീകരിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അഴിമതി നിരോധനമെന്ന എന്റെ സർക്കാരിന്റെ പ്രഖ്യാപിത നയം കാത്തുസൂക്ഷിക്കുന്നതിനായി അധികാരസ്ഥാനങ്ങളിലുള്ള പൊതുപ്രവർത്തകർ ഉൾപ്പെടെയുള്ള പബ്ലിക് സർവ്വന്റുകൾക്കിടയിലുള്ള അഴിമതി കൈകാര്യം ചെയ്യുന്നതിനായി കേരള ലോക് ആയുക്ത ആക്റ്റ് കഴിഞ്ഞ വർഷം പാസാക്കുകയുണ്ടായി. അഗ്നിശമന സേനയുടെ ആഭിമുഖ്യത്തിൽ ഒരു അഗ്നി നിരോധന വിഭാഗം സ്ഥാപിക്കുന്ന കാര്യം എന്റെ സർക്കാർ പരിശോധിച്ചു വരുന്നു. ഈ വർഷം മൂന്ന് അഗ്നിശമന സേനാ വിഭാഗങ്ങൾ ആരംഭിക്കുന്നതാണ്. അഗ്നിശമന സേനാ വകുപ്പിനെ ഒരു ഫയർ ആന്റ് എമർജൻസി സർവീസ് ഡിപ്പാർട്ടുമെന്റാക്കി മാറ്റുന്നതിനായി അതിനെ ആധുനീകവൽക്കരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതാണ്. സെൻട്രൽ ജയിലിലെ തടവുകാർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്നതിനായി എന്റെ സർക്കാർ നടപടി എടുക്കുന്നതാണ്. ഇടുക്കി ജില്ലയിലെ മറയൂരിൽ ഒരു തുറന്ന ജയിലും വിയ്യൂരിൽ സ്ത്രീകൾക്കായി ഒരു പുതിയ ജയിലും സ്ഥാപിക്കുന്നതാണ്.

14. ഭരണ സംവിധാനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിരവധി നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ നിയമിച്ച 'ഭരണ പരിഷ്ക്കാര കമ്മിറ്റി' ഇക്കാര്യത്തിൽ വളരെ വിലപ്പെട്ട ശുപാർശകൾ നൽകുകയുണ്ടായി. ഭരണ നിർവ്വഹണത്തിലെ സുതാര്യത, പൗരാവകാശ പത്രിക, വകുപ്പ് തലവന്മാർക്ക് അധികാരം ഏല്പിച്ചുകൊടുക്കൽ എന്നിവ സംബന്ധിച്ച ശുപാർശകൾ സർക്കാർ ഇതിനോടകംതന്നെ അംഗീകരിച്ചു കഴിഞ്ഞു. ഹാജരിലുള്ള കൃത്യനിഷ്ഠ ഉറപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റ് അനക്സിലും തെരഞ്ഞെടുക്കപ്പെട്ട വകുപ്പ് തലവൻമാരുടെ ആഫീസുകളിലും സിവിൽ സ്റ്റേഷനുകളിലും 'പഞ്ചിംഗ് സമ്പ്രദായം' ഏർപ്പെടുത്തിവരുന്നു.

15. റോഡ് സെക്ടറിൽ, മുന്തിയ വിഭവലഭ്യതയും സാങ്കേതിക വിദ്യയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായത്തിന്റെ ഉയർന്ന ലഭ്യതയും സ്വകാര്യ മേഖലയുടെ പങ്കാളിത്തവും നേടുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ എന്റെ സർക്കാർ ആരാഞ്ഞുവരികയാണ്. ഇത് മുന്നിൽ കണ്ടുകൊണ്ട് ഒരു റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. കോഴിക്കോടിനും കാസർഗോഡിനും ഇടയ്ക്കുള്ള റയിൽവേ മേൽപ്പാലങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം 'ഹഡ്കോ' യുടെ സഹായത്തോടുകൂടി ഏറ്റെടുക്കുന്നതും യുദ്ധ കാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതുമാണ്. തെരഞ്ഞെടുക്കപ്പെട്ട നിര ത്തിന്റേയും പാലത്തിന്റേയും വികസനത്തിനാവശ്യമായ ധനശേഖരണത്തിനും നടപടികൾ കൈക്കൊള്ളുന്നതാണ്. മുൻഗണനാക്രമത്തിൽ വർഷത്തിലുടനീളം അറ്റകുറ്റപ്പണികൾ നടത്തേണ്ട റോഡുകൾ കണ്ടെത്തുന്നതിനുള്ള ഒരു പദ്ധ തിയും പരിഗണനയിലാണ്. ഇടുങ്ങിയതും ബലഹീനവുമായ പാലങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള ഒരു പദ്ധതിയും പരിഗണനയിലുണ്ട്. എന്റെ സർക്കാർ, പശ്ചിമതീരത്തുകൂടി, കന്യാകുമാരി, തിരുവനന്തപുരം, കൊച്ചി, മംഗ ലാപുരം എന്നീ സ്ഥലങ്ങളെ ബോംബെയുമായി ബന്ധിപ്പിക്കുന്ന ഒരു ഹൈവേ യുടെ നിർമ്മാണത്തിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടുവന്നിരുന്നതും ഇതിനെ കേന്ദ്ര സർക്കാരിന്റെ സിംഗിൾ മേജർ ഹൈവേ-ഡെവലപ്മെന്റ് പ്രോഗ്രാമായ 'ഗോൾഡൻ ക്വാഡിലാറ്ററലി' ന്റെ ഭാഗ മായി പ്രഖ്യാപിക്കുന്നതിന് ഇതു കടന്നുപോകുന്ന പല സംസ്ഥാനങ്ങളുടേയും പിന്തുണ ആർജ്ജിക്കുവാൻ സാധിച്ചിട്ടുള്ളതുമാണ്. നിർമ്മാണവും അറ്റകുറ്റപ്പ ണികളും സംബന്ധിച്ച സാങ്കേതികവിദ്യ മെച്ചപ്പെടുത്തുക എന്നത് സർക്കാ രിന്റെ റോഡ് വികസനയത്നത്തിൽ ഒരു പ്രധാന ഘടകമാണ്. നമ്മുടെ റോഡ് നിർമ്മാണത്തിൽ ഇപ്പോൾ വൻതോതിൽ ഉപയോഗിച്ചു വരുന്ന റബ്ബറൈസ്ഡ് ടാർ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന ഒരു നിലയിൽ നാം എത്തിച്ചേർന്നിട്ടുണ്ട്.

16. മലിനീകരണ സാദ്ധ്യതയും ചെലവും ഗണ്യമായി കുറവായതിനാലും വിനോദസഞ്ചാര സാധ്യതകൾ ഉള്ളതിനാലും ഉൾനാടൻ ജലഗതാഗതത്തിന്റെ അഭിവൃദ്ധിക്ക് എന്റെ സർക്കാർ മുന്തിയ പ്രാധാന്യം കൽപ്പിക്കുന്നു. ഈ മേഖ ലയെ സംബന്ധിച്ചിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും ഏകീകരിക്കുകയും ലഘൂക രിക്കുകയും യുക്തിസഹമാക്കുകയും ചെയ്തുവരുന്നു. കേരള പൊതുകനാലു കളും കടത്തുകളും സംബന്ധിച്ച സമഗ്രമായ ഒരു നിയമം സർക്കാരിന്റെ പരി ഗണനയിലാണ്.

17. റേഷൻ സാധനങ്ങൾ ന്യായവിലയ്ക്ക് നൽകുന്നതിനായി നൂറ്റിപ്പതി നൊന്ന് കോടി രൂപ എന്റെ സർക്കാർ നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരു ത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ റേഷൻ സബ്സിഡികൾ പിൻവലിക്കുവാൻ പോകുന്നതായി സൂചനകളുണ്ട്. എന്നിരുന്നാലും, റേഷൻ സാധനങ്ങൾ ന്യായവിലയ്ക്ക് നൽകുന്നതിന് സാധ്യമായ എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്. കഴിഞ്ഞ വർഷം 126 പുതിയ മാവേലി സ്റ്റോറുകൾ തുറക്കുകയുണ്ടായി. അതിനുപുറമെ, അവ ഇല്ലാത്ത പ്രദേശങ്ങ ളിൽ പുതിയ മാവേലി സ്റ്റോറുകൾ ഈ വർഷം തുറക്കുന്നതാണ്. സംസ്ഥാ നത്തെ ഉപഭോക്തൃ സങ്കട പരിഹാര പ്രസ്ഥാനം എന്റെ സർക്കാർ ശക്തിപ്പെടു ത്തുന്നതാണ്. ഈ വർഷം നടപ്പിലാക്കിയ റേഷൻ കാർഡ് പരിഷ്ക്കരണവും പുതുക്കലും, അതോടൊപ്പം പൊതുവിതരണ സമ്പ്രദായത്തിൽ ഏർപ്പെടു ത്തിയ കംപ്യൂട്ടറിന്റെ ഉപയോഗവും, ഉപഭോക്താവിന്, മെച്ചപ്പെട്ടതും കൂടുതൽ വിശ്വാസയോഗ്യവുമായ സേവനം ലഭ്യമാക്കുവാൻ സഹായകമാകുന്നതാണ്.

18. മൃഗചികിൽസാ രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. സഞ്ചരിക്കുന്ന ബീജസങ്കലന യൂണിറ്റുകളുടെയും സഞ്ചരിക്കുന്ന കറവയന്ത്രങ്ങളുടെയും ഉപയോഗം അവ പ്രയോഗത്തിലില്ലാത്ത ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സംയോജിത കന്നുകാലി വികസന പദ്ധതികളുടെ കൂടുതൽ ഉപകേന്ദ്രങ്ങൾ തുറക്കുന്നതാണ്. വന്ധ്യതാ നിയന്ത്രണത്തിനുള്ള ഒരു ബൃഹത് പദ്ധതി നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കുന്നതാണ്. പന്നിവളർത്തലിനുള്ള സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സങ്കരവർഗ്ഗ പന്നിക്കുട്ടികളെ വിതരണം ചെയ്യുന്നതാണ്. സ്വിസ് ഗവൺമെന്റിന്റെയും ഇൻഡ്യ ഗവൺമെന്റിന്റെയും സഹായത്തോടെ ഒരു സംയോജിത ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്നതാണ്.

19. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ പൊതുമേഖലാ സംരംഭങ്ങളിൽ ഉണ്ടായ പുരോഗതി വെളിവാക്കുന്ന ഒരു ധവളപത്രം എന്റെ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. ഈ സർക്കാർ സ്ഥാപിച്ച വ്യവസായ പുനരുദ്ധാരണനിധി ബോർഡ് ഒരു അമൂല്യസംരംഭമാണ്. നീണ്ടകര-കായംകുളം തീരദേശത്തെ ധാതുനിക്ഷേപങ്ങൾ ചൂഷണം ചെയ്യുന്നതിനായി 782.41 കോടി രൂപയുടെ പദ്ധതികൾ സർക്കാർ അംഗീകരിക്കുകയുണ്ടായി. വ്യവസായങ്ങളുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കുന്നതിനായി ഒരു ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനം സ്ഥാപിച്ചു വരുന്നു. വ്യാവസായിക യൂണിറ്റുകൾക്ക് ദ്രുതഗതിയിൽ ക്ലിയറൻസ് നൽകുന്നതിനുവേണ്ടി 1999-ലെ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് പാസാക്കുകയുണ്ടായി. സർവ്വകലാശാല റെക്കാർഡായ 19,736 പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ കഴിഞ്ഞ വർഷം സ്ഥാപിക്കുകയുണ്ടായി. നടപ്പു വർഷത്തിൽ 20,000 പുതിയ എസ്.എസ്.ഐ. യൂണിറ്റുകൾകൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ചെറുകിട വ്യവസായ ഉൽപന്നങ്ങൾ കൊച്ചി കോർപ്പറേഷനിലെ സാമൂഹ്യ വികസന സംഘം മുഖാന്തിരം വിറ്റുവരുന്നതും ഇതു മറ്റു കോർപ്പറേഷനുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതുമാണ്. കളമശ്ശേരിയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി കിൻഫ്രാ, ഒരു ഹൈ-ടെക് പാർക്ക് സ്ഥാപിക്കുന്നതാണ്. മലിനീകരണ വിമുക്തവും മൂല്യവർദ്ധനവോടുകൂടിയതുമായ നോളജ് ഇന്റൻസീവ് സോഫ്ട്‌വെയർ ആന്റ് മൈക്രോ ഇലക്ട്രോണിക് ഉല്പാദന വ്യവസായത്തിന് വേണ്ടി ഒരു പ്രദേശം വികസിപ്പിച്ചെടുക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദ്യേശ്യം. വയനാട് പവർലൂം ആന്റ് മൾട്ടി പർപ്പസ് ഇൻഡസ്ട്രിയൽ സഹകരണ സംഘം വഴി ആദിവാസികളുടെ പുനരുദ്ധാരണത്തിനായി ഒരു ടെക്സ്റ്റയിൽ പദ്ധതി നടപ്പിലാക്കി വരുന്നതും അതു പട്ടിക വർഗ്ഗത്തിന്, പ്രത്യേകിച്ച്, അവർക്കിടയിലെ അവിവാഹിതരായ അമ്മമാർക്ക് തൊഴിലും പാർപ്പിടവും നൽകുന്നതുമാണ്. ജിയോടെക്സ്റ്റൈലുകളുടെ ഉപയോഗം പ്രചരിപ്പിക്കുന്നതിനായി സർക്കാർ 2000-2001 വർഷം ജിയോ ടെക്സ്റ്റയിൽ വർഷമായി പ്രഖ്യാപിച്ചിട്ടുള്ളതും അത് കയർ വ്യവസായത്തെ ഉത്തേജിപ്പിക്കുന്നതുമാണ്. കയർ തൊഴിലാളി പെൻഷന്റെ യോഗ്യതാ മാനദണ്ഡങ്ങൾ ഉദാരവല്ക്കരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ ഒരു ഹെൽത്ത് പാക്കേജ് പദ്ധതിയും ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കി വരുന്നു.

20. ഊർജ്ജ മേഖലയിൽ എന്റെ സർക്കാർ സ്വയംപര്യാപ്തതയോട് അടുക്കുകയാണ്. 'പവർകട്ട്' ഇല്ലാത്ത ഏക ദക്ഷിണേന്ത്യൻ സംസ്ഥാനം കേരളമാണ്. നയപരിപാടികളിൽ മാതൃകാപരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട്, എന്റെ സർക്കാർ, 845.5 മെഗാവാട്ട് വർദ്ധിച്ച സ്ഥാപിതശേഷി കൈവരിച്ചിട്ടുള്ളതും അതിൽ 1999-2000 ത്തിലെ മാത്രം വിഹിതം 308.5 മെഗാവാട്ട് ആണ്. ഉൽപാദനത്തിനു നൽകിയ ഈ പ്രാധാന്യത്തിനു പുറമെ, നടപ്പു വർഷംതന്നെ, ഗ്രാമ പ്രദേശങ്ങളിൽ നിലവിലുള്ള ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുവാൻ സാധ്യമാകും വിധം കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് പ്രസരണ-വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചു വരുന്നു. 166 മെഗാവാട്ട് അതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളുടെ പ്രോത്സാഹനത്തോടെയുള്ള ഒട്ടേറെ ചെറുകിട ജലവൈദ്യുത പദ്ധതികൾ താമസിയാതെ കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സ്വകാര്യ സംരംഭകരുടെയും പങ്കാളിത്തത്തോടെ ചെറിയ/ചെറു/സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് പരിസ്ഥിതിയെ ഒട്ടുംതന്നെ പ്രതികൂലമായി ബാധിക്കാതെ, സംസ്ഥാനത്തെ ജലവൈദ്യുത ഊർജ്ജം പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. ചൈനീസ് ഗവൺമെന്റിന്റെയും, ചൈനയിലെ ഹാങ്ഷ്യൂവിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്മാൾ ഹൈഡ്രോ പവറിന്റെയും സഹായത്തോടെ പതിനെട്ട് ചെറുജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആർ.ഇ.സി. പദ്ധതിയിൻകീഴിലുള്ള, തൊണ്ണൂറ്റെട്ട് 33 കെ.വി.സബ് സ്റ്റേഷനുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഈ വർഷം ഒ.ഇ.സി.എഫ്. സഹായത്തോടെയുള്ള അഞ്ച്, 110 കെ.വി. സബ് സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ ഇലക്ട്രിക്കൽ സർക്കിളുകളിലേക്ക് സ്പോട്ട് ബില്ലിംഗ് വ്യാപിപ്പിക്കുന്നതും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബാഗങ്ങൾക്ക് വൈദ്യുത കണക്ഷനുകൾ നൽകാനുള്ള ഒരു പദ്ധതിയായ "കൂടിൽ ജ്യോതി" യുടെ പ്രയോജനം കൂടുതൽ വ്യാപിപ്പിക്കുന്നതുമാണ്.

21. എന്റെ സർക്കാർ, നെൽകൃഷി വികസനത്തിന് നൽകിവരുന്ന പ്രാധാന്യം തുടരുന്നതാണ്. ഈ പദ്ധതിയിൻകീഴിൽ വരുന്ന നെൽകൃഷിക്കാർക്ക് പ്രത്യേക പ്രോൽസാഹനം നൽകിക്കൊണ്ട് ഈ വർഷം 10,000 ഹെക്ടർ സ്ഥലത്തേക്കു കൂടി നെൽകൃഷി വ്യാപിപ്പിക്കുന്നതാണ്. നെൽകൃഷിക്കാർക്കുള്ള ഉൽപാദന ബോണസ് ഹെക്ടറിന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. നെല്ല് സംഭരണത്തിനും സംസ്കരണത്തിനും അരിയുടെ വിപണനത്തിനുമായി മൂന്ന് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതും അതുവഴി കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതുമാണ്. സംസ്ഥാനത്ത് ആരംഭിച്ച തീവ്ര പച്ചക്കറി കൃഷി പദ്ധതി, ഈ വർഷം തന്നെ എത്രയുംവേഗം പച്ചക്കറി ഉൽപ്പാദത്തിൽ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതാണ്. വർഷം മുഴുവൻ പച്ചക്കറി കൃഷി നടത്തുന്നതിനാണ് ഇപ്പോഴത്തെ ശ്രമം. ഉൽപ്പാദനത്തിന്റെ വിവിധ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഒരു നാളീകേര വികസന പരിപാടി നടപ്പിലാക്കുന്നതാണ്. നാളികേരവും നാളികേര ഉല്പന്നങ്ങളും സംസ്കരിക്കുന്നതിന് പുതിയ ഫാക്ടറികൾ തുടങ്ങുവാൻ കേരഫെഡ് നടപടി ആരംഭിക്കുന്നതാണ്. എന്റെ സർക്കാർ, പന്ത്രണ്ടു ജില്ലകളിൽ കേര വൃക്ഷങ്ങൾക്കുണ്ടായ മണ്ഡരിബാധ തടയുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ പരിശ്രമങ്ങൾ നടത്തിവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ സംവിധാനവും യോജിച്ചുകൊണ്ടാണ് ഇത് നടപ്പാക്കിയത്. ഈ കീടത്തിനെതിരെ ഫലപ്രദമായൊരു ജൈവകീട നാശിനിയായ കുമിൾ വികസിപ്പിച്ചെടുക്കുവാൻ കേരള കാർഷിക സർവ്വകലാശാലയ്ക്ക് കഴിഞ്ഞുവെന്നത് അഭിമാനകരമായ കാര്യമാണ്. കീടബാധയാലും വരൾച്ചയാലും ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ റബ്ബർ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നിരവധി നടപടികൾ സർക്കാർ കൈക്കൊള്ളുകയുണ്ടായി. സംസ്ഥാനത്തിന് ഇദംപ്രഥമമായി, 5000 ടൺ റബ്ബർ കയറ്റി അയയ്ക്കുവാൻ സാധിച്ചു. മറ്റൊരു 10,000 ടൺ കൂടി കയറ്റി അയയ്ക്കുവാനുള്ള നടപടികൾ എടുത്തുകഴിഞ്ഞു. സംസ്ഥാനത്ത് കാർഷിക വിവര സാങ്കേതിക വിദ്യ പ്രചരിപ്പിക്കുന്നതിനായി സർക്കാർ ഒരു പരിപാടി ഏറ്റെടുക്കുന്നതും ഇതിന്റെ ഭാഗമായി, കർഷകർക്ക് ആധുനിക സാങ്കേതിക വിജ്ഞാനം പ്രദാനം ചെയ്യുന്നതിനായി 200 കൃഷിഭവനുകൾ സജ്ജമാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തുമാണ്. ബയോടെക്നോളജിക്കുവേണ്ടി കേരള കാർഷിക സർവ്വകലാശാല ഒരു പുതിയ വകുപ്പ് രൂപീകരിക്കുന്നതാണ്.

22. സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതിയിൽ ഒട്ടേറെ കാതലായ മാറ്റങ്ങൾക്ക് വിജയകരമായി തുടക്കംകുറിക്കുവാനും അവ നിലനിർത്തുവാനും എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രാഥമിക പാഠ്യപദ്ധതി ആകമാനം വൻമാറ്റത്തിന് വിധേയമായി. പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലംവരെയുള്ള പാഠ്യപദ്ധതിയുടെ പുനർനവീകരണത്തിൽ ആശയപരമായ കാഴ്ചപ്പാടും സമന്വയവും പ്രദാനം ചെയ്യുന്നതിനായി ഒരു പാഠ്യപദ്ധതി സമീപനരേഖ പ്രസിദ്ധീകരിക്കുകയുണ്ടായി. സ്ക്കൂളുകളിൽ കംപ്യൂട്ടർ ബോധവൽക്കരണത്തിനും കംപ്യൂട്ടർ പഠനത്തിനും അഭിലഷണീയമായ ഒരു പരിപാടിക്ക് എന്റെ സർക്കാർ രൂപം നൽകുകയുണ്ടായി. അടുത്ത അദ്ധ്യയന വർഷത്തിൽതന്നെ ഈ പ്രമുഖ പരിപാടി ആരംഭിക്കുന്നതാണ്. ആജീവനാന്ത വിദ്യാഭ്യാസ മേഖലയിൽ, വിപ്ലവകരമായ മാറ്റങ്ങൾ വാഗ്ദാനം ചെയ്യുന്ന സംസ്ഥാന ഓപ്പൺ സ്കൂൾ ആരംഭിക്കുവാൻ സർക്കാരിന് കഴിഞ്ഞത് അഭിമാനാർഹമായ കാര്യമാണ്. കോളേജുകളിൽ നിന്ന് പ്രീ-ഡിഗ്രി കോഴ്സ് വേർപെടുത്തുന്ന പ്രക്രിയ വരുന്ന അദ്ധ്യയ വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്.

23. പ്രീ-ഡിഗ്രി വേർപെടുത്തുന്ന പ്രക്രിയ പൂർത്തിയാകുന്നതോടുകൂടി ലഭ്യമാകുന്ന അധിക അടിസ്ഥാന സൗകര്യങ്ങളുടെ പരമാവധി പ്രയോജനം മുൻനിർത്തി കോളേജുകളിൽ കൂടുതൽ തൊഴിലധിഷ്ഠിതവും തൊഴിൽസാധ്യതയുള്ളതുമായ കോഴ്സുകൾ ഏർപ്പെടുത്തി ഉന്നതവിദ്യാഭ്യാസ നിലവാരത്തിൽ ഗുണകരമായ മാറ്റങ്ങൾ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസത്തിൽ ഉന്നതനിലവാരം കൈവരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പരിഷ്കരിച്ച യു.ജി.സി. വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതാണ്. അദ്ധ്യാപകർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുന്ന അദ്ധ്യാപക പരിശീലന സ്ഥാപനങ്ങൾ ഈ വർഷം പൂർണ്ണമായി പ്രവർത്തനക്ഷമമാകുന്നതാണ്. വിവരസാങ്കേതിക വിദ്യയുടെ പ്രാധാന്യം പരിഗണിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെയും സർവ്വകലാശാലകളുടെയും ഓഫീസുകൾ കംപ്യൂട്ടർവൽക്കരിക്കുന്നതാണ്. എൻജിനീയറിംഗ് കോളേജുകളിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ എണ്ണം വരുംവർഷത്തിൽ 2,000 ആയി വർദ്ധിപ്പിക്കുന്നതാണ്.

24. സംസ്ഥാനത്തെ ജലവിതരണ സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആധുനീകവൽക്കരിക്കുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ ആവശ്യത്തിനായി ജലവിതരണ പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തീകരണം ഉറപ്പുവരുത്തുവാൻ കേരളാ വാട്ടർ അതോറിറ്റിയിലെ കോൺട്രാക്ട് മാനേജ്മെന്റ് സിസ്റ്റം പരിഷ്കരിച്ചുവരികയാണ്. നിലവിലുള്ള എല്ലാ പദ്ധതികളുടെയും അവയുടെ ഘടകങ്ങളുടെയും ഇപ്പോഴത്തെ അവസ്ഥ വിശദീകരിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റി ഒരു ധവളപത്രം തയ്യാറാക്കിയിട്ടുള്ളതും ഇത് കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതുമാണ്. പത്ത് മുനിസിപ്പൽ ടൗണുകളിൽ കൂടി കമ്പ്യൂട്ടർവൽക്കരിച്ച ബില്ലിംഗ് സമ്പ്രദായം വ്യാപിപ്പിച്ചുകൊണ്ട് അടുത്ത വർഷം ബില്ലിംഗും റവന്യൂ ശേഖരണ സംവിധാനവും ആധുനീകവൽക്കരിക്കുന്നതാണ്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ഏകദേശം നാന്നൂറ് കോടി രൂപ ചിലവിൽ ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ഗ്രാമീണജല

LIBRARY ARCHIVES Kerala Legislative Assembly

വിതരണ പദ്ധതികളോട് ഒരു പുതിയ സാമൂഹ്യാധിഷ്ഠിത സമീപനം സ്വീകരിച്ചുവരുന്നു. പ്രാദേശിക സമൂഹങ്ങൾക്ക് പദ്ധതിയിലാകമാനം ഒരു പ്രാഥമിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതും തദ്വാരാ ഗുണഭോക്താക്കൾക്ക് സേവന സൗകര്യം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നതുമാണ്. ഭൂമി വാങ്ങുന്നതിനും, ഗ്രാമീണ ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും വേണ്ടി പഞ്ചായത്തുകൾക്ക് വായ്പകൾ നൽകുന്നതിനുമായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

25. പ്രധാന നദികൾക്കുകുറുകെ ജലസംരക്ഷണ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി എന്റെ സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് ഉപയോഗപ്പെടുത്തുന്നതാണ്. വാട്ടർ മാനേജുമെന്റിനെ സംബന്ധിച്ച ആധുനിക സാങ്കേതിക വിദ്യകൾ, പങ്കാളിത്ത ജലസേചന പരിപാലനം, ജലസേചന മേഖലയിലെ ഉത്തമ സമ്പ്രദായങ്ങൾ, എന്നിവ കൂട്ടിയിണക്കുന്ന ഒരു സമഗ്രമായ കേരള ജലസേചനവും ജലനിയന്ത്രണവും ആക്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നദീതീരങ്ങളുടെ, പ്രത്യേകിച്ച്, പ്രധാന കുടിയേറ്റ പ്രദേശങ്ങളും ചരിത്രപരവും സാംസ്കാരികവുമായി പ്രാധാന്യമുള്ള സ്ഥലങ്ങളും ഉൾക്കൊള്ളുന്ന പ്രദേശങ്ങളുടെ, സംരക്ഷണം ഉറപ്പാക്കുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പാക്കുവാനും ഉദ്ദേശിക്കുന്നു.

26. അപകടത്തിൽപ്പെടുന്ന തൊഴിലാളികളുടെ ജീവൻ രക്ഷിക്കുന്നതിനായി തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള എല്ലാ തീരദേശ പഞ്ചായത്തുകളിലെയും മത്സ്യ ഭവനുകളിൽ വയർലെസ് വാർത്താവിനിമയ ശൃംഖല വ്യാപിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ മത്സ്യത്തൊഴിലാളികൾക്കും അവരുടെ ഹ്രസ്വകാല ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബാങ്കുകൾ മുഖേന ക്രെഡിറ്റ് കാർഡുകൾ നൽകുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യസംസ്കരണ മേഖലയിൽ പുതിയ തൊഴിൽ അവസരങ്ങൾ നൽകുന്നതാണ്. ജനകീയ മത്സ്യക്കൃഷി, മത്സ്യ തൊഴിലാളി ഭവന പദ്ധതി എന്നിവപോലുള്ള പദ്ധതികൾ തൃപ്തികരമായ നിലയിൽ നടപ്പാക്കിവരുന്നു. എറണാകുളം ജില്ലയിലെ സംയോജിത മത്സ്യ വികസന പദ്ധതിയും വർദ്ധിത വീര്യത്തോടെ തുടരുന്നതാണ്. മത്സ്യ തൊഴിലാളികൾക്ക് മണ്ണെണ്ണ ഇറക്കുമതി ചെയ്ത് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് മത്സ്യഫെഡ് നടപടികൾ സ്വീകരിക്കുന്നതാണ്. പൊന്നാനി, തലായ്, മുതലപ്പൊഴ എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണവും നീണ്ടകരയിലേയും ബേപ്പൂരിലേയും മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണവും ഏറ്റെടുക്കുന്നതാണ്.

27. സഹകരണ പ്രസ്ഥാനം ഇപ്പോൾ സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങളുടെ എല്ലാ മേഖലയിലും വ്യാപിച്ചിട്ടുള്ളതും സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവരുടെയും ജീവിതനിലവാരം ഗണ്യമായി മെച്ചപ്പെട്ടിട്ടുള്ളതുമാണ്. എറണാകുളം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ വിജയകരമായി നടപ്പാക്കിയ സ്വാശ്രയ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മറ്റുള്ള ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. ശേഷിക്കുന്ന അഞ്ച് ജില്ലകളിൽ തീവ്ര സഹകരണ വികസന പദ്ധതി നടപ്പാക്കുന്നതാണ്. വില നിലവാരം പിടിച്ചു നിർത്തുന്നതിനായി, സഹകരണ സ്ഥാപനങ്ങൾ ഉത്സവകാലങ്ങളിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നത് തുടരുന്നതാണ്. ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ ന്യായവില ഉറപ്പാക്കുന്നതിന് കേരള സംസ്ഥാന സഹകരണ പഴങ്ങളും പച്ചക്കറികളും വിപണന

LIBRARY ARCHIVES Kerala Legislative Assembly

സംഘം എറണാകുളത്ത് തുടങ്ങുന്നതാണ്. സഹകരണ മേഖലയിൽ ദുർബ്ബല വിഭാഗങ്ങൾക്കും തൊഴിലാളികൾക്കും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും വേണ്ടി ഹഡ്കോയുടെയും എച്ച്.ഡി.എഫ്.സി. യുടെയും സഹായത്തോടെ ഒരു പാർപ്പിട പദ്ധതി നടപ്പാക്കുന്നതാണ്.

28. സ്വാഭാവിക വനങ്ങളുടെ പരിപാലനത്തിൽ എന്റെ സർക്കാർ അതീവ താല്പര്യം പ്രകടിപ്പിച്ചുവരുന്നു. 1,88,000 ഹെക്ടർ നാശോന്മുഖമായ വനഭൂമിയിൽ, 65,000 ഹെക്ടറിൽ മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ളതും, ഉദ്ദേശം 25,000 ഹെക്ടറിൽ ഈ വർഷം മരങ്ങൾ വച്ചുപിടിപ്പിക്കുന്നതുമാണ്. മറ്റൊരു 6,000 ഹെക്ടറിൽ ഈ വർഷം തന്നെ തോട്ടക്കൃഷി ഏർപ്പെടുത്തുന്നതാണ്. ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് മര മല്ലാത്ത വനോല്പന്നങ്ങളുടെ സുസ്ഥിരമായ പരിപാലനത്തിനുവേണ്ടിയുള്ള ഒരു പദ്ധതി പരിഗണനയിലാണ്. വനപ്രദേശത്ത് പ്രത്യേകം തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഇക്കോ-ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ചാരിറ്റബിൾ-ലിറ്ററി സയന്റിഫിക് സൊസൈറ്റീസ് ആക്ടിന്റെ കീഴിൽ വരുന്ന ഒരു സൊസൈറ്റിയുടെ രൂപീകരണവും എന്റെ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ വനപ്രദേശത്തിനുവെളിയിലുള്ള വനവൽക്കരണം ഏറ്റെടുത്ത് നടത്തിവരുന്നതും വരും വർഷങ്ങളിൽ ഇത് വൻതോതിൽ തുടരുന്നതുമാണ്.

29. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല വൻതോതിൽ വികസിപ്പിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കായൽ വിനോദ സഞ്ചാര വികസനത്തിനാണ് വരുംവർഷങ്ങളിൽ മുഖ്യമായും ഊന്നൽ നൽകുക. പാതിരാമണലിൽ ഒരു ഇക്കോ-ഫ്രണ്ട്ലി ഫ്ളോട്ടിംഗ് റിസോർട്ട് തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. തീർത്ഥാടക വിനോദ സഞ്ചാരവും ഗണ്യമായി പ്രോത്സാഹിപ്പിക്കും. വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ നിക്ഷേപവും സ്വാഗതം ചെയ്യുന്നതാണ്. കർശന ഗുണനിലവാരം ഉറപ്പുവരുത്തി ആയുർവേദിക് ഹെൽത്ത് ഹോളിഡേ റിട്രീറ്റ് സെന്ററുകൾ പ്രോത്സാഹിപ്പിക്കുന്നതാണ്. ഗൾഫിലേക്കും പൗരസ്ത്യദേശങ്ങളിലേക്കും ഉള്ള വിനോദസഞ്ചാരവും തുടങ്ങുന്നതാണ്. ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ വിദഗ്ദ്ധനെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു എം.ബി.എ. (വിനോദസഞ്ചാര) പദ്ധതി കേരള വിനോദസഞ്ചാര-യാത്രാ-പഠന ഇൻസ്റ്റിറ്റ്യൂട്ട് സമാഹരിക്കുന്നതും, എല്ലാ ജില്ലകളിലും വിദഗ്ദരായ ഗൈഡുകളെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി കൂടി നടപ്പാക്കുന്നതുമാണ്.

30. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി നിവാരണ-ശമന സേവനങ്ങളുടെ വികസനത്തിനായുള്ള സമഗ്രപദ്ധതികൾ എന്റെ സർക്കാർ ആവിഷ്കരിക്കുന്നതാണ്. ഇപ്പോൾ ഒരു സാമൂഹ്യ ആരോഗ്യ കേന്ദ്രം പോലും ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഓരോ സാമൂഹ്യ ആരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നതാണ്. 25 പൊതുജനാരോഗ്യ കേന്ദ്രങ്ങൾ വരുന്ന വർഷം അപ്ഗ്രേഡ് ചെയ്യുന്നതാണ്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന വിധത്തിൽ കൂടുതൽ ആയുർവേദ-ഹോമിയോപ്പതി ഡിസ്പെൻസറികൾ തുറക്കുന്നതാണ്. അഞ്ച് കൃത്രിമ ലിംബ് ഫിറ്റിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്. ഐക്യരാഷ്ട്ര ജനസംഖ്യാ നിധിയുടെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന സംയോജിത ജനസംഖ്യാ വികസന പദ്ധതി വയനാട്, കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ആരംഭിക്കുന്നതാണ്. തിരുവനന്തപുരത്തുള്ള മാനസിക ആരോഗ്യ കേന്ദ്രം

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗവേഷണ-പരിശീലന കേന്ദ്രമായി വികസിപ്പിക്കുന്നതാണ്. മൂന്ന് ജില്ലാ ആശുപത്രികൾ ദേശീയ പരീക്ഷാ ബോർഡിന്റെ അംഗീകൃത കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതാണ്. നിർദ്ധനർക്ക് വൈദ്യസഹായം നൽകുന്നത് ലക്ഷ്യം വച്ചുകൊണ്ട് സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും സാമ്പത്തികസഹായം സമാഹരിക്കുന്നതാണ്. രോഗനിർണ്ണയവും രോഗചികിത്സാ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനായി ആധുനിക വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുവാൻ മെഡിക്കൽ കോളേജുകളെ പ്രാപ്തമാക്കുന്നതാണ്. ആശുപത്രി വേസ്റ്റ് മാനേജുമെന്റ് ചട്ടങ്ങൾ സർക്കാർ-സ്വകാര്യ മേഖലകളിൽ കർശനമായി നടപ്പിലാക്കുന്നതാണ്.

31. 2002-മാണ്ടോടുകൂടി എല്ലാവർക്കും പാർപ്പിടം എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നിർദ്ധനരുടെയും ഭവനരഹിതരുടെയും പാർപ്പിടാവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നതാണ്. ഓരോ വർഷവും 2 ലക്ഷം പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ ആവശ്യത്തിനായി സർക്കാർ ഭവന നിർമ്മാണ ബോർഡിന്റെയും അതുപോലെതന്നെ മറ്റു വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സേവനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. ഭവന നിർമ്മാണ ബോർഡ് ഉൾപ്പെടെ നിലവിലുള്ള സ്ഥാപന സംവിധാനങ്ങളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ഈ ആവശ്യത്തിനായി കർമ്മോത്സുകരാക്കുന്നതാണ്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപാദനത്തിനും തൊഴിലാളികളുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുമായി പുറമേ നിന്നു സഹായം ലഭിക്കുന്ന ഒരു പദ്ധതി ആരംഭിക്കുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

32. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ പാർപ്പിട സൗകര്യം മുൻഗണനാ മേഖലയായി എന്റെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഒൻപതാം പദ്ധതിയുടെ അവസാനത്തോടുകൂടി എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പാർപ്പിടങ്ങൾ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി, കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 50,000-ത്തിലധികം കുടുംബങ്ങൾക്ക് സർക്കാർ പാർപ്പിടങ്ങൾ നൽകുകയുണ്ടായി. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയുടെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നം ആയതിനാൽ അത്തരം കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള സ്ഥലം നൽകുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ വസിക്കുന്ന പ്രദേശങ്ങളിലെ ശുചീകരണം, ശുദ്ധജലവിതരണം, വൈദ്യുതി എന്നിവയ്ക്കും എന്റെ സർക്കാർ അർഹിക്കുന്ന പ്രാധാന്യം നൽകുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി പട്ടികജാതി-പട്ടിവർഗ്ഗ യുവാക്കൾക്കിടയിൽ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുദ്ദേശിക്കുന്നു. പഞ്ഞ മാസങ്ങളിൽ ആദിവാസികൾക്കുണ്ടാകുന്ന തൊഴിൽ ദിനങ്ങളുടെ നഷ്ടം നികത്തുന്നതിനായി ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതും അതിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതുമാണ്. പ്രൊഫഷണൽ കോഴ്സുകളിൽ സംവരണം മുഖേന അഡ്മിഷൻ നേടുന്നതിനുള്ള വരുമാനപരിധി ഉചിതമായി ഉയർത്തുന്നതാണ്.

33. എന്റെ സർക്കാർ, ശ്രീപണ്ടാരവക, ശ്രീപാദം, സർവ്വീസ് ഇനാം, കണ്ടുകൃഷി ഭൂമി എന്നിവയെ സംബന്ധിച്ച എല്ലാ കേസുകളിലും ഒരു വർഷത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്നതാണ്. സർക്കാർ ഏറ്റെടുത്ത 15000 ഏക്കർ മിച്ച ഭൂമി വരുന്ന വർഷം 1,50,000 ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണ്. വനപ്രദേശങ്ങളിൽ താമസിക്കുന്നതും, റവന്യൂ വകുപ്പ് വിതരണം ചെയ്ത കൈവശാവകാശ സർട്ടിഫിക്കറ്റ് ഉള്ളവരുമായ ആദിവാസി കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി അടുത്ത വർഷം ഓരോ ഏക്കർ ഭൂമി വീതം നൽകുന്നതാണ്. കുടികിടപ്പുകാരുടെ ബെനിഫിറ്റ് ഫണ്ട്, കർഷ പുനരധിവാസ ഫണ്ട് എന്നിവയിൽ നിന്നുള്ള പലിശ ഉപയോഗിച്ച് സർക്കാർ ഒരു ഇൻഷ്വറൻസ് പദ്ധതിയും മുൻ കുടികിടപ്പുകാർക്കും ദുരിതമനുഭവിക്കുന്ന മുൻഭൂവുടമകൾക്കും വീട് നിർമ്മിക്കുന്നതിനായി സാമ്പത്തികസഹായം നൽകുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കുന്നതാണ്. മുന്ന് ജില്ലകളിലെ എല്ലാ താലൂക്കാഫീസുകളെയും റവന്യൂ ഡിവിഷണൽ ഓഫീസുകളെയും കളക്ടറേറ്റുകളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു കംപ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതാണ്. അളവുകളും തൂക്കങ്ങളും വകുപ്പിലെ 63 താലൂക്കുതല ഓഫീസുകളും ഈ വർഷം തന്നെ കംപ്യൂട്ടർവൽക്കരിക്കുന്നതാണ്. എന്റെ സർക്കാർ സർവ്വേ വകുപ്പിനെ ഒരു പ്രത്യേക വകുപ്പായി പുനഃസംഘടിപ്പിച്ചുകൊണ്ടും പുനഃരൂപീകരിച്ചുകൊണ്ടും സർവ്വേയും ഭൂരേഖയും സംബന്ധിച്ച എല്ലാ രേഖകളും കാലാനുസൃതമായി പുതുക്കുന്നതിന് ഉദ്ദേശിക്കുന്നു.

34. രജിസ്ട്രേഷൻ വകുപ്പിന്റെ നവീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആദ്യപടി എന്ന നിലയിൽ ആ വകുപ്പിന്റെ 14 ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു. പ്രമാണങ്ങളിൽ വില കുറച്ചു കാണിക്കുന്നതുവഴി ഉണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനായി സംസ്ഥാനത്തെ ഭൂമിക്ക് ഫെയർ വാല്യൂ നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു.

35. മോട്ടോർ വാഹന വകുപ്പിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. കമ്പ്യൂട്ടർ ചിപ്പിൻമേലുള്ള വിരലടയാളങ്ങൾ ഉൾപ്പെടെ ഡ്രൈവർമാരെ സംബന്ധിക്കുന്ന വിവരങ്ങൾ അടങ്ങിയ സ്മാർട്ട് കാർഡുകളിൽ ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും നൽകുന്നതിനും ഉദ്ദേശിക്കുന്നു. റോഡ് അപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനായി ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിന് ഒരു റോഡ് സേഫ്ടി സ്കൂൾ ആരംഭിക്കുന്നതാണ്. അനുവദിച്ചിട്ടുള്ള പരിധിയെക്കാൾ കൂടുതൽ പുക പുറംതള്ളുന്ന വാഹനങ്ങൾ റോഡുകളിൽ പ്രവർത്തിപ്പിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ 1500 ബസുകൾ റോഡിലിറക്കുന്നതും ബസ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമാണ്.

36. സംസ്ഥാനത്തെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതാണ്. പുനരധിവാസത്തിനായിരിക്കും ഊന്നൽ നൽകുക. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി കേരള സംസ്ഥാന വനിതാ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്നതിനായി ജില്ലാതല കമ്മിറ്റികളും ജാഗ്രതാ സമിതികളും രൂപീകരിക്കാൻ ഉത്തരവുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. വ്യവസായ വകുപ്പുമായി സഹകരിച്ച് അംഗവൈകല്യം വന്നവർക്കായുള്ള ഒരു ഉപകരണനിർമ്മാണ ഫാക്ടറി അടുത്ത വർഷം സ്ഥാപിക്കുന്നതാണ്.

37. കേരളത്തിലെ യുവാക്കൾക്ക് ഗ്രാമവികസനത്തിൽ സജീവമായ പങ്കാളിത്തം സാദ്ധ്യമാക്കുന്നതിനും, അതുവഴി അവർക്ക് തൊഴിൽ അവസരങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വേണ്ടി എന്റെ സർക്കാർ ഒരു സ്പെഷ്യൽ ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ദേശീയ സ്കൂൾ കായിക മേളയിൽ തുടർച്ചയായ മൂന്ന് വർഷങ്ങളിലെ കേരളത്തിന്റെ നേട്ടങ്ങൾ തീർച്ചയായും അഭിമാനാർഹമാണ്. ഭാവിയിൽ കൂടുതൽ കൂടുതൽ ബഹുമതികൾ

LIBRARY ARCHIVES Kerala Legislative Assembly

നേടുന്നതിന് കായികതാരങ്ങളെ പ്രാപ്തരാക്കുന്നവിധം അവർക്ക് സർക്കാർ തീവ്ര പരിശീലനം നൽകുന്നതാണ്. കേരളാ സ്പോർട്ട്സ് കൗൺസിൽ അന്തർദേശീയ നിലവാരമുള്ള ഒരു നീന്തൽക്കുളം നിർമ്മിക്കുന്നതും തിരുവനന്തപുരം ജില്ലയിൽ ഒരു സ്വിമ്മിംഗ് അക്കാഡമി സ്ഥാപിക്കുന്നതുമാണ്.

38. ജനകീയ ആസൂത്രണ പരിപാടിയേയും വികേന്ദ്രീകരണ പ്രക്രിയയേയും സഹായിക്കുന്നതിനായി ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കമ്മിറ്റി കൂടാതെ വിവിധ സർക്കാർ, സർക്കാതിര സംഘടനകൾ ഇവയുടെ കീഴിലുള്ള റിസർച്ച് ആന്റ് ഡവലപ്മെന്റ് (ആർ ആന്റ് ഡി) സ്ഥാപനങ്ങളുടെ സഹായത്തോടെ കൂടിയാലോചനാ സമിതികൾ രൂപീകരിക്കുന്നതാണ്. മലിനീകരണമോ വികസന പ്രവർത്തനങ്ങളുടെ അധ:പതനമോ നിയന്ത്രിക്കുന്നതായി പരിസ്ഥിതി സ്വാധീന നിർണ്ണയ പ്രക്രിയ ശക്തിപ്പെടുത്തന്നതാണ്.

39. ഏകദേശം ഒരു വർഷം മുമ്പ് സർക്കാർ വിവരസാങ്കേതിക വിദ്യ സംബന്ധിച്ച നയം വെളിപ്പെടുത്തുകയുണ്ടായി. ഈ നയം ഊർജ്ജിതമായി നടപ്പാക്കി വരുന്നു. പൊതുജനങ്ങളുടെ സങ്കടങ്ങളും പരാതികളും പരിശോധിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ പ്രത്യേകാധികാരങ്ങളോടുകൂടിയ ഒരു സങ്കട പരിഹാര സെൽ സ്ഥാപിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിൽ കംപ്യൂട്ടർവൽകൃത അന്വേഷണ-സങ്കട പരിഹാര കൗണ്ടറുകൾ സ്ഥാപിക്കുന്നതാണ്. യൂട്ടിലിറ്റി ബില്ലുകളുടെ പണം നൽകുക, ഫീസുകളടയ്ക്കുക, സർട്ടിഫിക്കറ്റുകളും ലൈസൻസുകളും ലഭിക്കുക എന്നിവപോലുള്ള വിവിധതരം സർക്കാർ സേവനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കാൻ കഴിയുന്ന ഏകജാലക കൗണ്ടറുകൾ സ്ഥാപിക്കാനുംകൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വളരെവേഗം പുരോഗമിക്കുന്നതും പുത്തൻ മേഖലകളുമായ ഐ.റ്റി.ഇനേബിൾഡ് സർവ്വീസുകൾ, ഇ-കോമേഴ്സ്, ഇന്റർനെറ്റ് വ്യവസായം എന്നിവയിലെ തൊഴിൽ ക്രിയാത്മകമായി പ്രോത്സാഹിപ്പിക്കുന്നതാണ്. ഇന്റർനെറ്റ് കിയോസ്ക്സും, ഡേറ്റാബാങ്കുകളും പോലുള്ള നൂതന സംരംഭങ്ങൾവഴി ഐ.റ്റി.മേഖലയിൽ സ്വയംതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്റെ സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്.

40. തൊഴിലാളി ക്ഷേമം മെച്ചപ്പെടുത്തുന്നതിനായി ലേബർ അജണ്ട സമയബന്ധിതമായി നടപ്പിലാക്കാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിലവിലുള്ള നിയമങ്ങളും ശുപാർശ ചെയ്യപ്പെട്ട ഭേദഗതികളും പുന:പരിശോധിക്കുന്നതിനുവേണ്ടി ഹൈക്കോടതിയിൽനിന്നും റിട്ടയർ ചെയ്ത ഒരു ജഡ്ജി ചെയർമാനായുള്ള ലേബർ കമ്മീഷന് രൂപം നൽകുന്നതാണ്. തൊഴിലാളികളുടെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ഒരു ലേബർ അക്കാഡമി സ്ഥാപിക്കുകയും അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വൈദ്യ സഹായം ലഭ്യമാക്കാൻ ഒരു മെഡിക്കൽ ദുരിതാശ്വാസ ഫണ്ട് രൂപീകരിക്കുകയും ചെയ്യുന്നതാണ്. 2000-ാമാണ്ട് തൊഴിലാളി വർഷമായി ആചരിക്കുന്നതാണ്. തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ കാര്യക്ഷമമായ സമന്വയം ഉറപ്പുവരുത്തുന്നതിനും സുഗമമാക്കുന്നതിനുംവേണ്ടി ഒരു ലേബർ അതോറിറ്റി രൂപീകരിക്കുന്നതാണ്.

41. വിദേശ ഇൻഡ്യക്കാരിൽ ഏറിയ പങ്കും കേരളത്തിനു വെളിയിൽ ജോലി ചെയ്യുന്ന നഴ്സുമാരാണ്. മറ്റു സംസ്ഥാനങ്ങളിലും വിദേശത്തും ജോലി ചെയ്യുന്ന നഴ്സുമാർക്കുവേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിക്കാൻ എന്റെ സർക്കാർ ആലോചിച്ചുവരുന്നു. ഗൾഫ് നാടുകളും മദ്ധ്യേഷ്യൻ രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും വിദഗ്ദ്ധ തൊഴിലാളികൾക്കും അവിദഗ്ദ്ധ തൊഴിലാളികൾക്കും തൊഴിലവസരങ്ങൾ നൽകുന്നു. തൊഴിൽദായകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുംവിധം നമ്മുടെ യുവജനങ്ങളെ സജ്ജരാക്കാൻവേണ്ടി, തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിൽ പരീക്ഷണാർത്ഥം, വൈദഗ്ദ്ധ്യം മെച്ചപ്പെടുത്താനുള്ള ഒരു പരിശീലന പരിപാടി നടപ്പിലാക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

42. നമ്മുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്റെ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തിവരികയാണ്. സർക്കാർ പ്രഖ്യാപിച്ച സാംസ്ക്കാരിക നയത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്ന പരിപാടികൾ ഏകോപിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമായി ഈ വർഷം ഒരു സാംസ്ക്കാരിക കമ്മീഷണറേറ്റ് രൂപീകരിക്കുന്നതാണ്. സർക്കാർ ആരംഭിച്ച ചലച്ചിത്ര അക്കാഡമി സംസ്ഥാനത്തെ ജനങ്ങൾക്ക് ലോകോത്തര സിനിമകൾ എത്തിച്ചുകൊടുക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. അക്കാഡമി ഒരു അന്തർദേശീയ ചലച്ചിത്ര കേന്ദ്രവും ഒരു സബ് ടൈറ്റിലിംഗ് യൂണിറ്റും സ്ഥാപിക്കുന്നതാണ്. ഒരു ചലച്ചിത്ര ഗവേഷണ കേന്ദ്രം സ്ഥാപിക്കാനുള്ള നിർദ്ദേശം സജീവ പരിഗണനയിലാണ്. പുതിയ സഹസ്രാബ്ദ പുലരിയെ സ്വാഗതം ചെയ്യാൻ മാനവീയം സാംസ്കാരികമിഷൻ അതിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

43. നാം ഇന്നൊരു നൂറ്റാണ്ടിന്റെ വഴിത്തിരിവിലാണ്. മുൻകാല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള ഒരു സന്ദർഭമാണിത്. ആഗോള-ദേശീയതല പ്രവണതകളുടെ വെളിച്ചത്തിലാവണം നാം വെല്ലുവിളികളെയും സാദ്ധ്യതകളെയും വിലയിരുത്തേണ്ടത്. പല പരീക്ഷണങ്ങളും നേരിടുകളും അവ വിജയകരമായി തരണം ചെയ്യാൻ സാധിച്ചിട്ടുള്ളതുമായ സുശക്തവും സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കെൽപ്പുള്ളതുമായ ഒരു ജനാധിപത്യ വ്യവസ്ഥയാണ് നമ്മുടേത്. നേട്ടങ്ങളുടെയും ശ്രേയസ്സിന്റെയും ഔന്നത്യങ്ങളിലേക്ക് നമ്മുടെ രാജ്യത്തെ നയിക്കുമെന്ന് ഈ അവസരത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം. ഈ ചരിത്ര മുഹൂർത്തത്തിൽ നിങ്ങളുടെ യത്നങ്ങൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. ഈ സമ്മേളന നടപടികൾക്ക് ഞാൻ എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

ജയ് ഹിന്ദ്.

LIBRARY ARCHIVES Kerala Legislative Assembly